<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839</u> <u>09-10-2024 - ൽ മറുപടിയ്ക്ക്</u>

<u>പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 ബജറ്റിൽ സൂചിപ്പിച്ചിട്ടുള്ള അഴീക്കോട് പ്രീമെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **അഴീക്കോട് പ്രീ മെട്രിക് ഹോസ്റ്റൽ പുതിയ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ്, കണ്ണൂർ, കെട്ടിട വിഭാഗം, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ആയത് ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. അഴീക്കോട് പ്രീ മെട്രിക് ഹോസ്റ്റൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷം വകുപ്പിൽ നിന്നും പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.** |
| (ബി) | പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ആരംഭിച്ചിട്ടില്ല. നിലവിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ **ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുള്ളതിനാലാണ് പ്രവൃത്തി ആരംഭിക്കാതിരുന്നത്.** |
| (സി) | പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ആരംഭിച്ചിട്ടില്ല. നിലവിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ **ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുള്ളതിനാലാണ് പ്രവൃത്തി ആരംഭിക്കാതിരുന്നത്.** |

സെക്ഷൻ ഓഫീസർ